പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6237 07.11.2016 -ൽ മറുപടിക്ക്

**പൈതൃക സ്മാരകമായി സംരക്ഷിക്കപ്പെടുന്നതിനുള്ള മാനദണ്ഡങ്ങൾ**

ചോദ്യം

ശ്രീ. വി.ടി.എ.റഹീം

മറുപടി

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
(ബഹു.തുറമുഖവും മ്യൂസിയവും പുരാവസ്തുസംരക്ഷണവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| എ) | പൈതൃക സ്മാരകമായി സംരക്ഷിക്കപ്പെടുന്നതിന് ഒരു സ്ഥാപനം തെരഞ്ഞെടുക്കുവാൻ പ്രത്യേക മാനദണ്ഡങ്ങൾ നിഷ്കർഷിക്കുന്നുണ്ടോ; വിശദമാക്കാമോ; | എ) | 1968 ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്റ്റിലെ വ്യവസ്ഥകളനുസരിച്ചാണ് ഒരു സ്മാരകത്തെ പുരാവസ്തു വകുപ്പ് സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ച് സംരക്ഷിക്കുന്നത്. ഇതുപ്രകാരം ദേശീയ പ്രാധാന്യമുള്ളവയല്ലാത്തതും ഒരു ശതാബ്ദത്തിൽ കുറയാതെ നിലനിന്നിട്ടുള്ളതുമായ പ്രാചീന സ്മാരകങ്ങളും, പുരാവസ്തു സങ്കേതങ്ങളും, പുരാവശിഷ്ടങ്ങളും സംരക്ഷിക്കുന്നതിലും പുരാവസ്തു ശാസ്ത്ര സംബന്ധമായ ഉത്ഖനനങ്ങൾ ക്രമപ്പെടുത്തുന്നതിനും ശിൽപവേലകൾ, കൊത്തുപണികൾ അവയെപ്പോലുള്ള മറ്റുവസ്തുക്കൾ എന്നിവ കാത്തു സൂക്ഷിക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. 1968 ലെ ആക്റ്റ് പ്രകാരം ഒരു സ്മാരകം സംരക്ഷണ യോഗ്യമാണെന്ന് ബോധ്യപ്പെട്ടതിനു ശേഷം സർക്കാർ ടി സ്മാരകവുമായി ബന്ധപ്പെട്ട് റവന്യൂ വിശദവിവരം ലഭ്യമാക്കി പ്രാഥമിക വിജ്ഞാപനവും തുടർന്ന് ഇതുസംബന്ധിച്ച് 2 മാസത്തിനകം ആക്ഷേപം ഒന്നുംതന്നെ ലഭിക്കാത്തപക്ഷം പ്രസ്തുത സ്മാരകത്തെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചു കൊണ്ട് അന്തിമ വിജ്ഞാപനവും പുറപ്പെടുവിക്കുന്നു. |
| ബി) | പുരാവസ്തു വകുപ്പ് ഏറ്റെടുക്കുന്ന സ്ഥാപനങ്ങളുടെ സംരക്ഷണത്തിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ? | ബി) | സംരക്ഷിത സ്മാരകമാക്കുന്ന സ്മാരകങ്ങളുടെ ഘടനാ സംരക്ഷണ പ്രവർത്തനങ്ങളും രാസസംരക്ഷണ പ്രവർത്തനങ്ങളുമാണ് നടത്തുന്നത്. നിലവിലുള്ള ജീർണ്ണാവസ്ഥകൾ പരിഹരിക്കുന്നതിന് ഘടനാ സംരക്ഷണ പ്രവർത്തനങ്ങളും കൂടുതൽ കേടുപാടുകൾ ഉണ്ടാകുന്നത് തടയുന്നതിന് രാസസംരക്ഷണ പ്രവർത്തനങ്ങളുമാണ് നടത്തുന്നത്. |

സെക്ഷൻ ഓഫീസർ